(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിവരുന്ന പ്രസ്തുത അന്വേഷണം 10 ദിവസത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) 23-1-2016-ലെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൽത്തന്നെ പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളുടെ ഉത്തരവിന് വിധേയമായിരിക്കും എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി ഹർജിയിൽ അന്തിമവാദം നാലാഴ്ച കഴിഞ്ഞു നടത്താൻ നിശ്ചയിച്ചിട്ടുള്ളതിനാൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവുപ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ കഴിയുമായിരുന്നില്ല. അതിനാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

വിജിലൻസ് അന്വേഷണം

332 (310) ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. ജോസഫ് വാഴയ്ക്കൻ:

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് നടത്തുന്ന വി.ഇ.4/2011/എസ്.ഡി.റ്റി., വി.ഇ.20/2011/എസ്.ഐ.യു.11 എന്നീ നമ്പരിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) വി. എ. അരുൺകുമാറിനെതിരെ അതീവ ഗുരുതരമായ പതിമൂന്ന് അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇപ്പോഴത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ 1-3-2011-ൽ അന്നത്തെ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദന് രേഖാമൂലം പരാതി നൽകിയെങ്കിലും വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യാത്തതിനെ തുടർന്ന് 16-6-2011 ൽ ജി.ഒ. (എം.എസ്.)19/2011/വി.ജി. നമ്പർ പ്രകാരം ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ പരാതിക്കാരനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വി.ഇ. 04/2011/ എസ്.സി.റ്റി:

ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിവിധ ആരോപണങ്ങളെക്കുറിച്ച് 16-6-2011-ലെ സ.ഉ. (എം.എസ്) നമ്പർ 19/11/വിജി. പ്രകാരം നടത്തുന്ന അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(ബി) വി.ഇ. 20/2011/എസ്.ഐ.യു..II :

ശ്രീ. വി. എ. അരുൺകുമാർ, മുൻ ഗവൺമെന്റ് പ്ലീഡർ ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചു എന്ന ആരോപണത്തിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്താൻ 20-9-2011-ലെ 7967/ഇ 3/2011/വിജി. നമ്പർ സർക്കാർ കത്ത് പ്രകാരം ഉത്തരവിട്ടതനുസരിച്ച് വി.ഇ.2/11/എസ്.ഐ.യു.II നമ്പരായി അന്വേഷണം നടത്തി മേൽ നടപടികൾ ആവശ്യമില്ലെന്ന ശുപാർശയോടുകൂടി 6-6-2012-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 16-6-2011-ലെ സ.ഉ. (എംഎസ്.)നമ്പർ 19/11/വിജി നമ്പർ ഉത്തരവുപ്രകാരം വി.ഇ.4/11/എസ്.സി.ടി എന്ന നമ്പരിൽ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(സി) മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയിട്ടില്ല.

അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

333 (311) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly